# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 309** **23/06/2014-ൽ മറുപടിയ്ക്ക്**

## കോൾഡ് ചെയിൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിനായി 75% കേന്ദ്രസഹായത്തോടെ 360 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ''ഫ്രഷ് ഫിഷ് ടു ആൾ'' പദ്ധതി നടപ്പിലാക്കി വരുന്നു. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ആട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്ര വാഹനവും 17 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള് നടപടികൾ പുരോഗമിക്കുന്നു. ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള പച്ച മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കാൻ മത്സ്യഫെഡ് നിലവിൽ 7 മത്സ്യവിൽപനശാലകൾ നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | പിടിച്ചെടുത്ത മത്സ്യത്തെ കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുകവഴി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കോൾഡ് ചെയിൻ പദ്ധതി. ആയതിനായി 100 കോടി രൂപയുടെ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഫിഷ് ലാന്റിംഗ് സെന്ററുകളിലും ഹാർബറുകളിലും മാർക്കറ്റുകളിലും കോൾഡ് സ്റ്റോറേജുകളും ചിൽഡ് റൂം സംവിധാനവും ഐസ് പ്ലാന്റിന്റെ നിർമ്മാണവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഇൻസുലേറ്റഡ് ട്രക്കുകളും ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 200 ഇരുചക്ര വാഹനങ്ങളും 100 ഓട്ടോറിക്ഷയും പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. അഴീക്കൽ മത്സ്യബന്ധന തുറമുഖത്ത് 40 ടൺ ബ്ലോക്ക് ഐസ് പ്ലാന്റ്, 40 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചിൽഡ് റൂം എന്നിവയ്ക്കായി 269.50 ലക്ഷം രൂപയുടെ ഭരണാനുമതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) | കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കാൻ കഴിയും. |
| (ഡി) | മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ആഫീസർ